**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1484** **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) | കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, പാഠ്യപദ്ധതി കോർ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും തുടർ പ്രവർത്തനം നടന്നു വരുകയുമാണ്. പാഠ്യപദ്ധതി സംബന്ധിച്ചുള്ള പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിന് വിപുലമായ ജനകീയ ചർച്ചകൾ നടന്നു വരുന്നു. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങളും 26 ഫോക്കസ് മേഖലകളുമായി ബന്ധപ്പെട്ടുള്ള വിശദാംശങ്ങളും, ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, സ്കൂൾ തലങ്ങളിൽ വിശദമായ ജനകീയ ചർച്ചകൾക്ക് വിധേയമായി നടന്നു വരുന്നു. കൂടാതെ നേരിട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള "ടെക് പ്ലാറ്റ്ഫോം" പൊതുവിദ്യാഭ്യാസ വകുപ്പ് ഒരുക്കിയിട്ടുണ്ട്. പൊതുചർച്ചകളിലൂടെയും, ഓൺലൈനിലൂടെയും ഫോക്കസ് ഗ്രൂപ്പുകളുടെ പഠനങ്ങളിലൂടെയും ലഭ്യമാകുന്ന അഭിപ്രായങ്ങൾ പരിഗണിച്ച് പൊസിഷൻ പേപ്പറുകൾ തയ്യാറാക്കി വരുന്നു. പൊസിഷൻ പേപ്പർ അന്തിമമായി തയ്യാറാക്കുന്ന മുറയ്ക്ക് നാല് കേരള പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ (ശൈശവകാല വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം) കരട് തയ്യാറാക്കുകയും ബന്ധപ്പെട്ട സമിതികളിൽ ചർച്ച ചെയ്ത് പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിക്കുകയും ചെയ്യും. ഈ പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ അടിസ്ഥാനത്തിലായിരിക്കും പാഠപുസ്തകങ്ങളും അനുബന്ധ സാമഗ്രികളും വികസിപ്പിക്കുന്നത്. |
| (ബി) | ഏതൊക്കെ തലങ്ങളിലും മേഖലകളിലുമുള്ളവരെ | (ബി) | ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, സ്കൂൾ |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തിയാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന് ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | | തലങ്ങളിലാണ് ചർച്ചകൾ സംഘടിപ്പിക്കുന്നത്. സമൂഹത്തിലെ എല്ലാ മേഖലകളിലുമുള്ള (വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക രാഷ്ട്രീയ മേഖലകളിലെ വ്യക്തികൾ സാംസ്കാരിക പ്രവർത്തകർ, വിദ്യാഭ്യാസ വിദഗ്ധർ മറ്റ് വിവിധ മേഖലയിലെ പ്രതിനിധികൾ) വ്യക്തികളുമായി ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തുവരുന്നു,. പ്രസ്തുത ചർച്ചകൾ പൂർത്തിയായി വരുന്നു. |
| (സി) | പൊതുജനാഭിപ്രായം ആരായുന്ന ഘട്ടത്തിൽ കമ്പ്യൂട്ടർ സാക്ഷരതയുണ്ടെങ്കിലും ഇന്റർനെറ്റ് സംവിധാനത്തിന്റെ അപര്യാപ്തതയുള്ള സാധാരണ ജനങ്ങൾക്കുകൂടി അവസരം നൽകുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | സ്കൂൾ, പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ നടക്കുന്ന ജനകീയ ചർച്ചകളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കെടുക്കുന്നതിനും അവരുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും പങ്കുവയ്ക്കുന്നതിനുമുള്ള അവസരം ലഭ്യമാണ്. ഇവ ഫലപ്രദമായി ഡോക്യുമെന്റ് ചെയ്ത് എസ്.സി.ഇ.ആർ.ടി.ക്ക് കൈമാറുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ശാസ്ത്രം, കല, കായികം, ഭാഷാപ്രയോഗം എന്നീ മേഖലകളിൽ കുട്ടികളുടെ അഭിരുചി കണ്ടെത്തി പ്രോത്സാഹനത്തിന് ഊന്നൽകൊടുക്കുന്ന തരത്തിലുള്ള പരിഷ്കരണം സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും അഭിരുചിയും കണ്ടെത്തി അവ നിരന്തരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യം വയ്ക്കുന്നത്. ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള പഠന-ബോധന സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ഓരോ കുട്ടിക്കും തന്റെ അഭിരുചിക്കനുസരിച്ച് പരമാവധി വികസനം സാധ്യമാകുന്നതാകണം വിദ്യാഭ്യാസം എന്നതാണ് കാഴ്ചപ്പാട്. |
| (ഇ) | പ്രസ്തുത പരിഷ്കരണത്തിലൂടെ അദ്ധ്യാപകർക്ക് തുല്യ ഇടവേളകളിൽ കാലാനുസൃതമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | പാഠ്യപദ്ധതി പരിഷ്കരണം പൂർത്തീകരിക്കുന്നതിലൂടെ കേരളത്തിലെ മുഴുവൻ സ്കൂൾ അധ്യാപകർക്കും എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ തുല്യ ഇടവേളകളിൽ നിരന്തര പരിശീലനവും നൈപുണ്യശേഷി വികസനവും ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ